(1) വിഷയം : ഒരു മിസ്ഡ് കോളിന്റെ ദൂരം

# കൊലക്കയർ

ഇരുട്ടിന്റെ കനം കൂടി വരുമ്പോഴും അവളുടെ മുറിയിൽ വെളിച്ചം തങ്ങി നിന്നു. ഒറ്റ ജനാലപ്പാളിയിലൂടെ വന്ന് പാതിരാക്കാറ്റ് അവളെ നിദ്രയുടെ പടിക്കെട്ടുകൾ കയറ്റാൻ ശ്രമം നടത്തിക്കൊണ്ടിരുന്നു. പരാജയം അടിക്കടി തുടരുമ്പോഴും വാശിയോടെ അത് പിന്നെയും പിന്നെയും അവളുടെ എണ്ണമയമില്ലാത്ത ചെമ്പൻ മുടിയിഴകളെ തലോടി.

"ആലിലത്താലിയുമായി വരുനീ ആമ്പലേ ഇതിലേ ഇതിലേ...."
മൊബൈൽ ഫോൺ ആരുടെയോ വിളി അവളുടെ അടുത്തെത്തിക്കാൻ ആലാപനം ആരംഭിച്ചു. അത് ശ്രദ്ധിക്കാതെ അവൾ കെമിസ്ട്രി ബുക്കിലേക്ക് കണ്ണുകൾ ആഴത്തിൽ ഉറപ്പിച്ചു. മടുപ്പോടെ മൊബൈൽ ഫോൺ ആലാപനം നിർത്തി. അല്പ നേരം കഴിഞ്ഞ് വീണ്ടും ഗാനമേള ആരംഭിച്ചു. രണ്ടു മൂന്നു തവണ ഇതു തുടർന്നു.

"ശല്യം. പഠിക്കാനും സമ്മതിക്കില്ല. ആരാ ഈ പാതിരാത്രിയ്ക്ക്?" അവൾ അമർഷത്തോടെ മുറുമുറുത്തുകൊണ്ട് ഫോണെടുത്ത് കാതോടടുപ്പിച്ചു.
"ഹലോ, ഹല്ലോ"

"ഹലോ, ആരാ?" മറുതലയ്ക്കൽ നിന്ന് പരിചയമില്ലാത്ത പുരുഷ ശബ്ദം. അവൾക്ക് പിടികിട്ടിയില്ല. അവളുടെ സിരകളിലേക്ക് ദേഷ്യം ഇരച്ചുകയറി.

"എന്റെ ഫോണിലേക്ക് വിളിച്ചിട്ട് ഞാനാരാണെന്ന് ചോദിക്കാൻ താനാരാ?" അവൾ മുരണ്ടു.

"പൊന്നേ ദേഷ്യപ്പെടല്ലേ." മധുരമൂറുന്ന സ്വരത്തിൽ മൃദുലത കലർത്തി അവൻ പറഞ്ഞു.

Code No: 104

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

"ദേഷ്യപ്പെടുകയല്ല. എനിക്ക് പരീക്ഷ അടുത്തിരിക്കയാണ്. ധാരാളം പഠിക്കാനുണ്ട്." അവൾ ശാന്തയായി പറഞ്ഞു.

"പഠിച്ചോളൂ. പഠിക്കുന്ന കുട്ടികളെ എനിക്ക് വല്യ കാര്യമാണ്. ആട്ടെ എന്തിനാ പഠിക്കുന്നേ?"

"ബി. എസ്.സി. കെമിസ്ട്രി ഫൈനൽ ഇയർ."

"കെമിസ്ട്രിയോ. എന്റെ സബ്ജക്റ്റും കെമിസ്ട്രിയാ. സംശയം വല്ലതുമുണ്ടെങ്കിൽ വിളിച്ചാൽ മതി. പിജിക്ക് എനിക്ക് ഫസ്റ്റ് റാങ്ക് മാർക്കുണ്ടായിരുന്നു."

"ആ, അതായോ." അവൾ വളരെ മൃദുവായി സംസാരിച്ചു.

"ആ സത്യം. അല്ല മോൾടെ പേരെന്താന്നാ പറഞ്ഞേ?"

"എന്റെ പേര് ചാന്ദ്നി."

"ചാന്ദ്നിയെ ഞാൻ ചന്തൂന്ന് വിളിക്കട്ടെ?"

"എന്നെ ഇഷ്ടപ്പെടുന്നവരെല്ലാം ചന്തൂന്നാ വിളിക്കാറ്." അവൾ നാണത്തോടെ പറഞ്ഞു.

"അപ്പോ എനിക്കും ചാന്ദ്നിയെ, അല്ല ചന്തൂനെ ഇഷ്ടാ." അയാൾ പ്രണയം കലർന്ന സ്വരത്തോടെ പറഞ്ഞു.

മറുപടി അവൾ ചിരിയിലൊതുക്കി. അവളുടെ കണ്ണുകൾ തിളക്കമാർന്ന

"എന്താ ഒന്നും മിണ്ടാത്തത്?" അവൻ സംസാരം തുടരാനുള്ള വ്യഗ്രതയോടെ ചോദിച്ചു.

"അതേ, ഞാൻ കട്ട് ചെയ്തോട്ടെ? പഠിക്കാനുണ്ട്." അവൾ അനുവാദം ചോദിക്കും പോലെ സംസാരിച്ചു.

"ചന്തു എന്നെ ഒഴിവാക്കുവാണോ?" അവന്റെ സ്വരത്തിൽ ദുഃഖമുള്ളതു പോലെ ചാന്ദ്നിക്കു തോന്നി.

"അല്ല!" അവൾ കരച്ചിലിന്റെ വക്കോളം എത്തിയിരുന്നു.

Code No: 104

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

"എന്റെ പേരു പോലും ചോദിച്ചില്ലല്ലോ? ഏതായാലും ഞാൻ പറയാം. എന്റെ പേര് ജോൺ മാത്യൂസ്." ചക്കര ചന്തു വിഷമിക്കല്ലേ. ഞാൻ തമാശ പറഞ്ഞതാ. പഠിച്ചോളൂ."

അവൻ ഫോൺ കട്ട് ചെയ്തു. ചാന്ദ്നി കണ്ണുമടച്ച് കട്ടിലിൽ ഇരുന്നു. കെമിസ്ട്രി പുസ്തകത്തിൽ നോക്കുമ്പോഴെല്ലാം അവളുടെ മനസ് പരിചയമില്ലാത്ത ആ ശബ്ദത്തിനു പിന്നിൽ പറന്നുയരുകയായിരുന്നു.

പെട്ടന്ന് ഫോൺ പിന്നെയും ശബ്ദിച്ചു. ഒരു മെസേജ്.

"ഒരു മിസ്ഡ് കോൾ തന്നാൽ മതി. ഞാൻ തിരിച്ചു വിളിക്കാം."

എന്ന് സ്വന്തം
ജോൺ

താഴെ സുമുഖനായ ഒരു യുവാവിന്റെ ചിത്രം. അവൾ ആ ഫോട്ടോ നോക്കിയിരുന്നു.

"ലുക്കിംഗ് ഗ്ലാമർ ആൻഡ് ഹാൻസം". അവൾ മനസിൽ പറഞ്ഞു. അവൾ തന്റെ ഒന്നു രണ്ടു ചിത്രങ്ങൾ അവന് അയച്ചു.

പിന്നീടുള്ള രാത്രിയിൽ ആ മുറിയിൽ വെട്ടം ഉണ്ടായിരുന്നെങ്കിലും ഫോൺ കോളുകളിൽ മുങ്ങി നിവരുകയായിരുന്നു ചാന്ദ്നി. പഠനത്തിന്റെ വിശാലമായ ലോകത്തു നിന്നും കണ്ടിട്ടില്ലാത്ത ജോണിന്റെ ഫോൺ കോളുകൾ കാത്ത് ചാന്ദ്നി ഓരോ രാത്രിയിലും കാത്തിരുന്നു. ഫോണിന്റെ മറുതലയ്ക്കൽ നിന്നെത്തുന്ന മൃദുലവും യുവത്വം തുളുമ്പുന്ന ഇമായ ശബ്ദം അവളെ മായാലോകത്ത് കൈപിടിച്ചു കൊണ്ടു പോയിക്കൊണ്ടിരുന്നു. അതിനിടയിലെ ഫൈനൽ പരീക്ഷയും സ്വപ്നം കണ്ട ഫസ്റ്റ് റാങ്കും അവൾ മറന്നു. പരീക്ഷയ്ക്ക് തോറ്റു എന്ന വിവരം വരുമ്പോഴാണ് അവൾ പഠിക്കാൻ വന്നു എന്ന് ചിന്തിച്ചത്. വിദേശത്തിരിക്കുന്ന മാതാപിതാക്കൾ പരീക്ഷ റിസൽട്ട് അന്വേഷിച്ച് അവളെ വിളിച്ചു. കേട്ടാൽ മുളക്കാത്ത ഒരു പച്ചക്കള്ളം അവൾ അവർക്കിടയിലേക്ക് കുഴിച്ചിട്ടു.

"ഫസ്റ്റ് റാങ്കില്ല. സെക്കന്റേ ഉള്ളൂ."

Code No: 104

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

പരീക്ഷയ്ക്ക് തോറ്റെങ്കിലും രണ്ടു ദിവസത്തെ വിഷമങ്ങൾ തുടച്ചുനീക്കി വീണ്ടും അവൾ ജോണിന്റെ ഫോൺകോളുകൾ കാത്തു.

രാത്രിയുടെ ഏതോ ഒരിരുണ്ട യാമത്തിൽ ജോണിന്റെ ബുള്ളറ്റ് ബൈക്കിന്റെ ഘോര ശബ്ദം അവളുടെ കാതിൽ അലയടിച്ചു. എല്ലാം ഇട്ടെറിഞ്ഞ് ബുള്ളറ്റിന്റെ പിറകിൽ കയറി ഇരുന്ന് അവൾ ഇരുളിൽ മറഞ്ഞു. പിറ്റേന്നത്തെ പ്രഭാതത്തിൽ ഇന്റർനെറ്റിൽ ഒരു വാർത്ത പരന്നു. കാരിയെ 5 പേർ പീഡിപ്പിച്ചു കൊന്നു. ചാന്ദ്നിയെ ലോകർ തിരിച്ചറിഞ്ഞു. നെറ്റിൽ നഗ്നമായ അവളുടെ ചിത്രം ഏറെ ലൈക്കുകൾ നേടി......

മിസ്ഡ് കോൾ എന്നെഴുതികാണിച്ച് സ്ക്രീനിൽ നിശ്ചലത പടർന്നു കയറി. തിയറ്ററിൽ ലൈറ്റുകൾ തെളിഞ്ഞു. ആളുകൾ ബഹളമിട്ട് അരോചക ശബ്ദങ്ങൾ ഉണ്ടാക്കി വെളിയിൽ കടന്നു. കാർത്തിക അപ്പോഴും അവളുടെ സീറ്റിൽ നിന്നെണീക്കാതെ മുഖം കുനിച്ചിരുന്നു. കൺകോണുകളിൽ കൂടി കണ്ണീർമുത്തുകൾ പുറത്തേക്ക് പ്രവഹിച്ചു. ഏതോ ധൈര്യം എവിടുന്നോ വീണു കിട്ടിയതു പോലെ അവൾ എഴുന്നേറ്റു കണ്ണുകൾ തുടച്ചു. തിയേറ്ററിന് വെളിയിലിറങ്ങി. മഴ ആർത്തലച്ചുകൊണ്ട് ഭൂമിയെ കെട്ടിപ്പുണർന്നു. നനഞ്ഞു കുളിച്ച് ഹോസ്റ്റലിലെത്തിയ കാർത്തികയെ കണ്ട് ശകാര ഭാവത്തിൽ റിയ അവളെ നോക്കി.

"എടി കോറേ നേരായി അത ധീരജ് വിളിക്കുന്നു. നീ എവിടെയായിരുന്നു?" കാർത്തികയുടെ കണ്ണുകൾ അഗ്നി ജ്വാലകളെ പോലെ ചുവന്നു. റിയ ദഹിച്ചതു പോലെയായി പോയി.

"അതേ ഞാൻ എന്റെ മുന്നയെ വിളിക്കട്ടെ, നീ വിളിക്കുന്നില്ലെങ്കിൽ വേണ്ട!" പറഞ്ഞു തീരുമ്പോൾ റിയയുടെ കയ്യിലിരുന്ന ഫോൺ ചിലച്ചു. റിയയുടെ കണ്ണുകൾ പ്രതീക്ഷയോടെ തിളങ്ങി. പക്ഷേ മിന്നൽ വേഗത്തിൽ കാർത്തിക റിയയുടെ ഫോൺ പിടിച്ചു വാങ്ങി താഴേക്ക് എറിഞ്ഞു പൊട്ടിച്ചു. റിയ കാർത്തികയെ ദേഷ്യത്തോടെ നോക്കി. കാർത്തിക വിളിച്ചു കൂവി:
"എടി ഇത് കൊലക്കയറാണ്" ലൈഫിട്ടാൽ [illegible] പിടഞ്ഞു ചാകും"..

Scanned by CamScanner